# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -191 08.06.2015 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## വനിതാ എം.എൽ.എ. മാർ നൽകിയ പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വനിതാ എം.എൽ.എ.മാർ തങ്ങൾക്ക് ചിലരിൽ നിന്നും മാനസികവും ശാരീരികവുമായുണ്ടായ ദുരനുഭവങ്ങൾ സംബന്ധിച്ച് പോലീസ് മേലധികാരിയ്ക്ക് നൽകിയ പരാതികളിൽ പോലീസ് മേലധികാരി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>(ബി) ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിൽ നിന്നും നിയമോപദേശം തേടുകയുണ്ടായോ; ലഭിച്ച ഉപദേശം എന്തായിരുന്നു; ഇത് സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധി പ്രസ്താവങ്ങൾക്ക് എത്രത്തോളം നിരക്കുന്നതാണ് ? | (എ) & (ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു കേസ്സ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലായതിനാൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വനിതാ എം.എൽ.എ മാരുടെ പരാതികളും ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. പരാതി സംഗതികൾ നിയമസഭാ സാമാജികർക്കുള്ള പ്രിവിലേജുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ബഹു.സ്പീക്കറുടെ ശ്രദ്ധ കൂടി ആവശ്യമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി ഈ വിഷയം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് ആയത് പരിശോധിച്ചു വരുന്നതേയുള്ളു. |

സെക്ഷൻ ഓഫീസർ